**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 134** **15-03-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കാൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. കെ.പി.മോഹനൻ | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ കാർഷിക രംഗത്ത് സ്വയംപര്യാപ്തമാക്കാൻ സ്വീകരിച്ചു വരുന്ന പദ്ധതികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ കർഷകരുടെ പ്രശ്നങ്ങൾ മനസിലാക്കി കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുവാനും സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടുന്നതിനും സംസ്ഥാനത്തെ കാർഷിക രംഗം സ്വയംപര്യാപ്തമാക്കുന്നതിന് വേണ്ടിയും ഉല്പാദനം, ഉല്പാദനക്ഷമത എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. കഴിഞ്ഞ 3 വർഷമായി ഉണ്ടായ വലിയ കാലാവസ്ഥാ ദുരന്തങ്ങളും കോവിഡ് 19 മഹാമാരിയും മൂലം നിലവിലുള്ള സാമ്പത്തിക സ്ഥിതിയും കേരളത്തിലെ കാർഷിക, അനുബന്ധ മേഖലകളുടെ വികസനത്തിനും വലിയ ഭീഷണിയാണ് ഉണ്ടായിട്ടുള്ളത്. ഭക്ഷ്യോൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കേണ്ടതിന്റെ ആവശ്യകത ഇക്കാലയളവിൽ തിരിച്ചറിഞ്ഞു. ഇതിനായി സംസ്ഥാന കൃഷി വകുപ്പ് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഭക്ഷ്യവിളയായ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവയ്ക്കു പുറമെ സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ മുതലായവയുടെ കൃഷി നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിനായി ഗുണമേന്മയുള്ള ഉൽപ്പാദനോപാധികൾ ലഭ്യമാക്കുന്നതിനും കൂടാതെ പരമ്പരാഗത ഇനങ്ങളും നാടൻ ഇനങ്ങളും സംരക്ഷിക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. കാർഷിക രംഗത്തെ സാങ്കേതിക വിദ്യ കർഷകരിൽ എത്തിക്കുന്നതിനുള്ള കാർഷിക വിജ്ഞാന വ്യാപന പദ്ധതിയും കൃഷിവകുപ്പ് നടപ്പിലാക്കുന്നു. കാർഷിക |

പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നത് സാദ്ധ്യമാക്കുന്നതിന് കാർഷിക സേവന കേന്ദ്രങ്ങളും സേവന സംവിധാനവും പദ്ധതി കൃഷിവകുപ്പ് നടപ്പിലാക്കുന്നു. കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനാവശ്യമായ പദ്ധതികളും കൃഷിവകുപ്പ് നടപ്പിലാക്കുന്നു. കോവിഡ് സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടി കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന 'സുഭിക്ഷകേരളം' പദ്ധതി കാർഷിക വികസനം ശക്തിപ്പെടുത്തുകയും കർഷകർക്ക് ആവശ്യമായ വായ്പ നൽകുകയും ചെയ്യുന്നു. പ്രസ്തുത പദ്ധതിയിൽ തരിശുനിലത്ത് കൃഷി, സംയോജിത കൃഷി സമ്പ്രദായം, ഒരു കോടി ഫലവൃക്ഷത്തൈകൾ നടൽ, മഴമറ കൃഷി പ്രോത്സാഹിപ്പിക്കൽ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. കാർഷിക രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുവാൻ ചുവടെ ചേർക്കുന്ന സംസ്ഥാനാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി വരുന്നു. 1) നെൽകൃഷി വികസന പദ്ധതി 2) പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസന പദ്ധതി 3) പയർവർഗ്ഗ വിള, കിഴങ്ങ് വർഗ്ഗ വിള പ്രോത്സാഹന പദ്ധതി 4) സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി 5) പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം 6) നാളീകേര വികസനം 7) സുഗന്ധ വ്യഞ്ജന വികസന പദ്ധതി 8) ഹൈ ടെക് അഗ്രികൾച്ചർ 9) കവുങ്ങ് കൃഷിയ്ക്കുള്ള പ്രത്യേക പദ്ധതി 10) മണ്ണിന്റെയും വേരിന്റെയും ആരോഗ്യപരിപാലനവും ഉല്പാദനക്ഷമത ഉയർത്തലും 11) വിള ആരോഗ്യപരിപാലനം 12) ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും 13) ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും 14) ലബോറട്ടറികളുടെ ആധുനീകരണം. 15) കാർഷിക വിജ്ഞാന വ്യാപനം 16) കാർഷിക വിവരവും വിനിമയവും 17) കാർഷിക സേവന കേന്ദ്രങ്ങൾ 18) വിള ഇൻഷ്വറൻസ് പദ്ധതി 19) പ്രകൃതിക്ഷോഭവും രോഗകീടവും അഭീമുഖീകരിക്കുന്നതിനുള്ള അടിയന്തിര പദ്ധതി 20) ജൈവ വൈവിധ്യ സംരക്ഷണം 21) കാർഷിക ഉല്പന്നങ്ങളുടെ വിപണി വികസനം 22) കാർഷികോല്പന്നങ്ങൾക്ക് വിലസ്ഥിരത ഉറപ്പാക്കുന്നതിനായി വിപണി ഇടപെടൽ പദ്ധതി 23) കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണവും മൂല്യവർദ്ധനയും 24) വയനാട് ജില്ലയുടെ കാർഷിക മേഖല പുനരുജ്ജീവനം 25) ബയോ ഗ്യാസ്

| | | | |
|---|---|---|---|
| | | | പ്ലാന്റുകൾക്ക് അധിക ധനസഹായം 26) ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി (ആർ.ഐ.ഡി.എഫ്) 27) കൃഷി പാഠശാല 28) പുനർജ്ജനി - പ്രളയാനന്തര കാർഷിക മേഖലയുടെ പുന:സ്ഥാപനം 29) കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി 30) കേരള ഫാം ഫ്രഷ് - പഴം പച്ചക്കറി തറവില 31) കർഷക ക്ഷേമ ഫണ്ട് ബോർഡ് 32) സുഭിക്ഷ കേരളം പദ്ധതി കർഷകർക്കായി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ചുവടെ ചേർക്കുന്നു 1. മിഷൻ ഓൺ ഇന്റഗ്രേറ്റഡ് ഡെവലപ്‌മെന്റ് ഓഫ് ഹോർട്ടികൾച്ചർ 2. രാഷ്ട്രീയ കൃഷി വികാസ് യോജന 3. സബ് മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ 4. നാഷണൽ ഫുഡ് സെക്യൂരിറ്റി മിഷൻ 5. സബ് മിഷൻ ഓൺ അഗ്രോ ഫോറസ്റ്ററി 6. സബ് മിഷൻ ഓൺ അഗ്രിക്കൾച്ചർ എക്സ്റ്റൻഷൻ 7. നാളികേര വികസന ബോർഡ് പദ്ധതികൾ 8. പാരമ്പരാഗത് കൃഷി വികാസ് യോജന 9. പ്രധാന മന്ത്രി കൃഷി സിഞ്ചായീ യോജന 10. ദേശിയ ബയോഗ്യാസ് വികസന പദ്ധതി 11. പ്രധാന മന്ത്രി കിസാൻ സമ്മാൻ നിധി 12. സോയിൽ ഹെൽത്ത് കാർഡ് 13. പ്രധാന മന്ത്രി ഫസൽ ഭീമ യോജന കൂടാതെ, സർക്കാരിന്റെ നൂറു ദിന പരിപാടിയുടെ ഭാഗമായി എല്ലാ ജനങ്ങളെയും കാർഷിക മേഖലയിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് "ഞങ്ങളും കൃഷിയിലേയ്ക്ക്". കാർഷിക കൂട്ടായ്മയിലൂടെ ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സുരക്ഷിത ഭക്ഷണം ലഭ്യമാക്കുക, കേരളീയരിൽ കാർഷിക സംസ്കാരം വളർത്തുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് "ഞങ്ങളും കൃഷിയിലേക്ക്" എന്ന പദ്ധതി വിഭാവന ചെയ്യുന്നത്. |
| (ബി) | കർഷകർക്ക് വേണ്ടിയുള്ള പദ്ധതികൾ യഥാസമയം അവർക്ക് ലഭ്യമാക്കുന്നു എന്ന് ഉറപ്പ് വരുത്താൻ പുതിയതായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | കർഷകർക്ക് വേണ്ടിയുള്ള പദ്ധതികൾ യഥാസമയം അവർക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്താൻ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന രണ്ട് സംവിധാനങ്ങളാണ് അഗ്രിക്കൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (AIMS) പോർട്ടലും സ്മാർട്ട് കൃഷി ഭവൻ പദ്ധതിയും. കാർഷിക വികസന കർഷക ക്ഷേമവകുപ്പ് നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ സഹായത്തോടെ വികസിപ്പിച്ച ഏകജാലക സംവിധാനമാണ് അഗ്രിക്കൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (AIMS) പോർട്ടൽ. കൃഷിവകുപ്പ് നൽകിവരുന്ന സേവനങ്ങളെല്ലാം തന്നെ ഒരു സംവിധാനത്തിലൂടെ ഓൺലൈനായി വേഗത്തിലും സുതാര്യമായും |

| | | | |
|---|---|---|---|
| | | | കാര്യക്ഷമമായും പ്രദാനം ചെയ്യുകയാണ് ടി സംവിധാനം വഴി ലക്ഷ്യമിടുന്നത്. കൃഷി ഭവനുകൾ ശാസ്ത്രീയ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്കിടയിൽ യഥാസമയം കൃഷി, സസ്യസംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങളെ കുറിച്ചുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനും കൃഷിക്കാവശ്യമുള്ള വിത്തുകൾ, തൈകൾ മറ്റ് ഉല്പാദനോപാധികൾ എന്നിവ നൽകുന്നതിനും പ്രവർത്തിച്ചു വരുന്നു. ഫലപ്രദവും കാര്യക്ഷമവും സുതാര്യവുമായ രീതിയിൽ കർഷകരുടെ വാതിൽക്കൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സേവനങ്ങൾ നൽകുന്നതിനായാണ് "സ്മാർട്ട് കൃഷി ഭവൻ" പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. |
| (സി) | വിള ഇൻഷുറൻസ് ഉൾപ്പെടെ എല്ലാ ആനുകൂല്യങ്ങളും യഥാസമയം കർഷകർക്ക് ലഭിക്കുന്നു എന്ന് ഉറപ്പു വരുത്താൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ? | (സി) | വിള ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ യഥാസമയം കർഷകർക്ക് ലഭിക്കുമെന്ന് ഉറപ്പുവരുത്തുന്നതിനായി ഓൺലൈൻ സംവിധാനം AIMSപോർട്ടലിൽ ക്രമീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ